MONDAY

തിങ്കളാഴ്ച

29.01.2024

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/01/2024

1. ജൈവകർഷകൾക്കുള്ള അക്ഷയശ്രീ അവാർഡ് 2023ന് അപേക്ഷ ക്ഷണിച്ചു. മൂന്നുവർഷത്തിനുമേൽ ജൈവ കൃഷി ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. സംസ്ഥാന തലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് 2 ലക്ഷം രൂപയും ജില്ലാതലത്തിൽ അമ്പതിനായിരം രൂപ വീതമുള്ള 13 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ് വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകൾക്കായി പതിനായിരം രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളും ഉണ്ടായിരിക്കും. അപേക്ഷകൾ 2024 ജനുവരി 31നു മുൻപായി ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കെ വി ദയാൽ, അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി. ഓ., ആലപ്പുഴ 688525 എന്ന വിലാസത്തിലോ 9447114526 ഫോൺ നമ്പറിലോ ബന്ധപ്പെടുക

2. സംസ്ഥാന കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ APEDA അംഗീകൃത ജൈവ സാക്ഷ്യപ്പെടുത്തൽ പദ്ധതി ഈ വർഷം മുതൽ ആരംഭിക്കുകയാണ്. കാർഷികോല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുമുള്ള പ്രധാന അതോറിറ്റിയാണ് അഗ്രികൾച്ചറൽ ആൻഡ് പ്രോസസ്സ്ഡ് ഫുഡ് പ്രോഡക്റ്റ്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (APEDA). അപ്പേഡാ അംഗീകരിച്ചിട്ടുള്ള NPOP സ്റ്റാൻഡേർഡ് പ്രകാരമുള്ള തേർഡ് പാർട്ടി സർട്ടിഫിക്കേഷൻ പദ്ധതിയ്ക്കാണ് കൃഷിവകുപ്പ് ആരംഭം കുറിച്ചിരിക്കുന്നത്. ഈ ത്രിവത്സര പദ്ധതി പ്രകാരം നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) ജൈവ സാക്ഷ്യപ്പെടുത്തലിനുള്ള നടപടിക്രമങ്ങൾക്കുള്ള ഫീസും, കർഷകന്റെ കൃഷിയിടം ജൈവവൽക്കരിക്കുന്നതിനുള്ള ചിലവുകളും കൃഷിവകുപ്പ് വഹിക്കുന്നതാണ്. ഇതിന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ആവശ്യമായ അപേക്ഷകൾ സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ വിഭാഗം കർഷകർക്കും ഉപയോഗപ്രദമായ ഈ പദ്ധതി സാക്ഷ്യപ്പെടുത്തിയ ജൈവ കാർഷിക ഉത്പന്നങ്ങൾക്ക് അധികമൂല്യം ലഭിക്കുന്നതിന് സഹായകരമാണ്. ജൈവ കാർഷിക ഉത്പന്നങ്ങൾക്ക് വമ്പിച്ച കയറ്റുമതി സാധ്യതകൾ തുറന്നു കൊടുക്കുന്ന ഈ പദ്ധതിയിൽ കൃഷിഭവൻ മുഖാന്തിരം കർഷകർക്ക് അംഗങ്ങളാകാവുന്നതാണെന്ന് കൃഷി ഡയറക്ടർ അറിയിച്ചു.

3. ക്ഷീരവികസന വകുപ്പിന്റെ 2023-24 വർഷരെ വാർഷിക പദ്ധതി പ്രകാരമുള്ള "തീറ്റപ്പുൽകൃഷി വികസന പദ്ധതി" യുടെ വിവിധ ഘടകങ്ങളിൽ, ഗുണഭോക്താക്കളാകാൻ താല്പര്യമുള്ളവർക്ക് അപേക്ഷ സമർപ്പിക്കാം. 50 സെന്റിന് മുകളിലുള്ള തീറ്റപ്പുൽകൃഷി ധനസഹായ പദ്ധതി, തരിശുനില തീറ്റപ്പുൽകൃഷി പദ്ധതി, സ്വയം സഹായ സംഘങ്ങൾ വഴിയുള്ള ഫോഡർ മാർക്കറ്റിംഗ് എന്നിവയ്ക്കാണ് ധനസഹായം. കൂടുതൽ വിശദാംശങ്ങൾക്കായി ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളുമായി ബന്ധപ്പെടേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0484 2422310 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ഒരു വർഷ കോഴ്സായ "ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി (DMT), ആറ് മാസത്തെ കോഴ്സായ 'സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ് (CPF)' എന്നീ കോഴ്സുകൾക്ക് 2024-25 വർഷത്തേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കാനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത: "ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി'-പ്ലസ് ടു വിജയിച്ചിരിക്കണം, "സർട്ടിഫിക്കറ്റ് ഇൻ പൗൾട്രി ഫാമിംഗ്"- 8-ാം

ക്ലാസ് വിജയിച്ചിരിക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഫീസ് ഇളവിന് അർഹരാണ്. ഫൈൻ കൂടാതെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 31/01/2024 ആകുന്നു. https://onlineadmission.ignou.ac.in/admission/ വഴി ഓൺലൈനായി അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9495000931, 9400608493 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. കേരള വെറ്ററിനറി സർവ്വകലാശാലയുടെ പൂക്കോട് ലൈവ്സ്റ്റോക്ക് ഫാമിൽ നല്ലസങ്കരയിനം നേപ്പിയർ പുല്ല് കിലോയ്ക്ക് 3.50 രൂപ നിരക്കിൽ ലഭ്യമാണ്. താല്പര്യമുള്ള കർഷകർ 9562168273, 9495302129 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

6. പൂക്കോട് വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന ഡയറി സയൻസ് ആൻഡ് ടെക്നോളജി കോളേജിൽ യോഗർട്ട് നിർമ്മാണത്തിൽ പരിശീലനം നൽകുന്നു. പൂക്കോട് ടെക്നോളജി ഇൻഫർമേഷൻ ആൻഡ് സെയിൽസ് സെൻ്ററിൻ്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 15 മുതൽ 17 വരെയാണ് പരിശീലനം. 3000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. താത്പര്യമുള്ള ക്ഷീരകർഷകർ, സംരംഭകർ ഫെബ്രുവരി 10 നകം 9744975460 നമ്പറിൽ രജിസ്റ്റർ ചെയ്യുക.